# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3592 23.06.2014-ൽ മറുപടിയ്ക്ക്

കാവുകളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.ഉമ്മർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കാവുകൾ സംരക്ഷിക്കുന്നതിന് പദ്ധതി എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ, വിശദമാക്കാമോ ; | എ) ഉണ്ട്. കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽ നിന്നും വനം വകുപ്പിന്റെ സാമൂഹിക വനവൽക്കരണ വിഭാഗം പത്രപരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവുസംരക്ഷണ പദ്ധതിയുടെ തെരഞ്ഞെടുത്ത വിദഗ്ദ്ധ സമിതി അംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ യോഗ്യമായ കാവുകൾ തെരഞ്ഞെടുക്കുകയും തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് സാമ്പത്തിക സഹായം നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശം ഉത്തരവ് നമ്പർ, 354/13/ F&WLD, തീയതി, 12.09.2013 പ്രകാരം നൽകിവരുകയും ചെയ്യുന്നു. |
| ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന ഏജൻസി/സ്ഥാപനം ഏതാണെന്ന് അറിയിക്കുമോ | ബി) കേരള സർക്കാരിന്റെ ബയോ ഡൈവേഴ്സിറ്റി കൺസർവേഷൻ BH-2406-02-110-68-സി.ബി.ഡി-34OC എന്ന ശീർഷകത്തിൽ - സർക്കാർ അനുവദിയ്ക്കുന്ന ഫണ്ടിന്റെ പരിധിയിൽ നിന്നു കൊണ്ടാണ് കേരളത്തിലെ കാവു സംരക്ഷണ |

|  |  |  |  |
|---|---|---|---|
|  |  |  | പദ്ധതികൾ ഓരോ വർഷവും നടപ്പിലാക്കുന്നത് ആയതിന് പ്രത്യേക ഏജൻസികളോ, സ്ഥാപനങ്ങളോ നിലവിലില്ല. വനംവകുപ്പ് ധനസഹായം നൽകി വരുന്നു. |
| സി) | ഇത്തരം കാവു സംരക്ഷണത്തിന് വനം വകുപ്പിന് മാത്രമായി പദ്ധതികൾ നിലവിലുണ്ടോ;. | സി) | ഉണ്ട്. |
| ഡി) | ഇത്തരം പദ്ധതികളുടെ മേൽനോട്ടം കാര്യക്ഷമമായി നടത്തുന്നുണ്ടോ വിശദാംശം നൽകുമോ? |  | ഉണ്ട്. കേരളത്തിലെ ഓരോ ജില്ലയിലെയും അതാത് സാമൂഹ്യ വനവൽക്കരണവിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരാണ് കാവ് സംരക്ഷണ പദ്ധതിക്കുള്ള ചുമതല വഹിക്കുന്നത്. ആയതിന്റെ മേൽ നോട്ടം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ബയോ ഡൈവേഴ്സിറ്റി സെൽ) നിർവ്വഹിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ